# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 853 — 12/06/2013 - ൽ മറുപടിക്ക്

### ദേശീയ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി.സി.ജോർജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

**ഉത്തരം**

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ ഏതുഘട്ടം വരെയായി എന്ന് അറിയിക്കുമോ;

(എ) ദേശീയ ജലപാതയുടെ നിർമ്മാണത്തിന്റെ പൂർണ്ണ ചുമതല കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) യ്ക്കാണ്. കൊല്ലം-കോട്ടപ്പുറം ജലപാതയുടെ ഭാഗമായ ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ), ചമ്പക്കര കനാൽ (14 കി.മീ), കോട്ടപ്പുറം -കൊച്ചി (30 കി.മീ), കൊച്ചി- ആലപ്പുഴ (88 കി.മീ) എന്നീ സ്ട്രെച്ചുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാണെന്നും അവശേഷിക്കുന്ന പണികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതുമാണ്.

(ബി) പ്രസ്തുത പാതയുടെ ആലപ്പുഴ-കൊല്ലം, കൊച്ചി -കോട്ടപ്പുറം സ്ട്രെച്ചിൽ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(ബി) കൊച്ചി-കോട്ടപ്പുറം സ്ട്രെച്ചിലെ പണികൾ പൂർത്തീകരിച്ച് ഗതാഗത യോഗ്യമായിട്ടുണ്ട്. ആലപ്പുഴ-കൊല്ലം സ്ട്രെച്ചിലെ പണികൾ പുരോഗമിക്കുന്നു. ഇതിൽ തകഴിക്കും കൊല്ലത്തിനുമിടയ്ക്കുള്ള 50 കിലോമീറ്ററിൽ ഉദ്ദേശം 8.5 കി.മി മാത്രമെ ഇനി വീതികൂട്ടുവാനും ആഴം വർദ്ധിപ്പിക്കുവാനുമുള്ള ഡ്രഡ്ജിംഗ് പണികൾ അവശേഷിക്കുന്നുള്ളു. ഇടപ്പള്ളിക്കോട്ട-കൊല്ലം സ്ട്രെച്ചിൽ കട്ടി കൂടിയ പ്രതലം ആയതിനാൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് IWAI പണികൾ നടത്തിവരുന്നു.

(സി) പ്രസ്തുത ജലപാതയുടെ നിർമ്മാണത്തിനിടെ കുഴിച്ചെടുക്കപ്പെടുന്ന മണ്ണിനു വേണ്ടിയുള്ള തർക്കങ്ങൾക്കും എതിർപ്പുകൾക്കും പരിഹാരം കാണാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(സി) 21--03-2013ൽ ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു: ജലവിഭവ വകുപ്പു മന്ത്രി, ബഹു: മത്സ്യബന്ധനവും തുറമുഖവും വകുപ്പ് മന്ത്രി, ബഹു: തൊഴിലും പുനരധി വാസവും വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ

IWAI അധികൃതർ, മറ്റ് ബന്ധപ്പെട്ട സംസ്ഥാന സർക്കാർ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർക്കുകയും പ്രസ്തുത യോഗത്തിൽ, ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന മണ്ണ് നിക്ഷേപിക്കുന്നത് സംബന്ധിച്ചുള്ള പ്രശ്നം പരിഹരിക്കുന്നതിന് സ്ഥലം എം.എൽ.എമാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, പോലീസ് അധികാരികൾ എന്നിവരുടെ സഹകരണ ത്തോടെ പ്രശ്നപരിഹാരം കണ്ടെത്തുവാൻ തീരുമാനം എടുക്കുകയും അപ്രകാരം തുടർ നടപടികൾ സ്വീകരിച്ചും വരുന്നു.

(ഡി) ദേശീയ ജലപാതയുടെ അവശേഷിക്കുന്ന ഭാഗത്തിന്റെ നിർമ്മാണത്തിന് പര്യാപ്തമായ തുക നിലവിൽ ലഭ്യമാണോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) ലഭ്യമാണ്. പ്രസ്തുത പണികൾക്കുള്ള ഫണ്ട് IWAI യുടെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) പ്രസ്തുത പാതയുടെ പൂർത്തീകരണം എന്ന് സാധ്യമാകുമെന്ന് അറിയിക്കുമോ ?

(ഇ) അവശേഷിക്കുന്ന പണികൾ പൂർത്തീകരിച്ച് എത്രയും വേഗം ജലപാത കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

Sharma

സെക്ഷൻ ഓഫീസർ